# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **15/03/2017 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : T 3845**

### അതിവേഗ റെയിൽപ്പാത

| | | | |
|---|---|---|---|
| | **ശ്രീ. സി. മമ്മൂട്ടി**<br>**ശ്രീ. കെ.എം. ഷാജി**<br>**ശ്രീ. പി.കെ. ബഷീർ**<br>**ശ്രീ. പാറക്കൽ അബ്ദുല്ല** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | **ചോദ്യം** | | **മറുപടി** |
| (എ) | അതിവേഗ റെയിൽപ്പാത നിർമ്മാണത്തിനുള്ള സാദ്ധ്യതാപഠന റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡി.എം.ആർ.സി യെ ഏൽപ്പിക്കുകയും, ഡി.എം.ആർ.സി വിശദമായ കരട് റിപ്പോർട്ട് 01.07.2016 ൽ കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് ഈ കരട് റിപ്പോർട്ട് സാങ്കേതികമായ പഠനത്തിന് വിധേയമാക്കി അന്തിമ റിപ്പോർട്ട് ലഭ്യമായ ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | സംസ്ഥാനത്തിന്റെ ഉത്തമ താൽപര്യവും, ഈ മേഖലയിൽ നിർമ്മാണച്ചെലവ് താരതമ്യേന കുറവായിരിക്കുമെന്നതും കണക്കിലെടുത്ത്, പ്രസ്തുത പാത കാസർഗോഡ് വരെ നീട്ടണമെന്ന ആവശ്യം അംഗീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പ്രാഥമിക റിപ്പോർട്ട് പ്രകാരം കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഡി.എം.ആർ.സി സമർപ്പിച്ച വിശദമായ കരട് റിപ്പോർട്ടിൽ കാസർഗോഡ് ജില്ലയെ ഒഴിവാക്കി തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള പാത പൂർത്തീകരിക്കുന്നതിനുള്ള പദ്ധതി രൂപരേഖയാണ് സമർപ്പിച്ചിട്ടുള്ളത്. കണ്ണൂർ മുതൽ കാസർഗോഡ് വരെയുള്ള യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവ് കാരണം പദ്ധതി ലാഭകരമായി നടപ്പിലാക്കാൻ കഴിയില്ല എന്നുള്ളതിനാൽ, പ്രസ്തുത പദ്ധതി മംഗലാപുരം വരെ നീട്ടുന്നതിനുവേണ്ടി കർണാടക സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്. അനുമതി ലഭിച്ചാൽ മാത്രമേ കാസർഗോഡ് ജില്ലയെക്കൂടി ഉൾപ്പെടുത്തി ആദായകരമായി ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ